# Athmaraksha.org

യഥാർത്ഥ ക്രൈസ്തവ ജീവിതം

## ആധുനിക തിന്മകളിൽ നിന്ന് സഭയെ രക്ഷിക്കുക : ഫ്രാൻസീസ് പാപ്പ



സഭ നേരിടുന്ന ആധുനികഭീഷണികൾക്കെതിരെ ശക്തമായി പ്രതികരിച്ച് പ്രവർ ത്തിച്ച ലിത്വാനിയൻ ബിഷപ്പുമാരുടെ ധീരതയ്ക്ക് ഫ്രാൻസീസ് പാപ്പയുടെ പ്രശംസ. ലിത്വാനിയയിൽ സഭാപ്രവർത്തനങ്ങൾക്ക് നേരിട്ട പീഡനങ്ങളെ വളരെ ശക്തമായാണ് സഭ അതിജീവിച്ചത്."ചരിത്രത്തിന്റെ അവകാശികളാണ് നിങ്ങൾ. സുവിശേഷപ്രവർ ത്തനങ്ങളുടെ പൈതൃകം നിങ്ങൾക്കവകാശപ്പെട്ടതാണ്. നിങ്ങളുടെ ധീരമായ സുവിശേ ഷപ്രവർത്തനങ്ങളിലൂടെയാണ് ഈ അവകാശം നിങ്ങൾ പ്രകടിപ്പിച്ചത്, വിശുദ്ധ കുർബാനയ്ക്ക് നിങ്ങളെ ഉത്തേജിപ്പിച്ചത്. ഈ കൂട്ടായ്മയിൽ പരിശുദ്ധാത്മാവാണ് നിങ്ങളെ നയിച്ചത്" പാപ്പാ തന്റെ അനുമോദനപ്രസംഗത്തിൽ ബിഷപ്പ മാരോടായി പറഞ്ഞു.

ഫെബ്രുവരി 2-ാം തീയതിയാണ് ഫ്രാൻസിസ് പാപ്പായെ കാണാൻ ലിത്വാനിയയിലെ മെത്രാൻമാർ റോമിലെത്തിയത്. "നിങ്ങളുടെ യുവത്വത്തിനും ധൈര്യ ത്തിനുമൊപ്പമാണ് എന്നെ കാണാൻ എത്തിയത്" പാപ്പാ പറഞ്ഞു. സോവിയറ്റ് രാജ്യ ങ്ങളിലെ "പീഡനങ്ങളുടെ ഏറ്റവും ദു:ഖകരമായ കാലഘട്ട"ത്തിൽ ജീവിച്ചവരെക്കുറിച്ച് പാപ്പാ ഓർമ്മിപ്പിച്ചു.

തൊണ്ണൂറുകളിൽ ഭൂരിഭാഗം കത്തോലിക്കാരാജ്യങ്ങളും സോവിയറ്റ് ഭരണത്തിന്റെ കീഴിലായിരുന്നു. ഈ കാലഘട്ടത്തിൽ കത്തോലിക്കാവിശ്വാസികൾക്ക് നിരവധി പീഡനങ്ങൾ ഏറ്റുവാങ്ങേണ്ടിവന്നിട്ടുണ്ട് എന്നും പാപ്പ അനുസ്മരിച്ചു. നൂറ്റിഅമ്പതിലേറെ വൈദികരെ നാടുകടത്തുകയും ചെയ്തിരുന്നു. ഇത്തരം ക്രൂരതകളെ അതിജീവിച്ചാണ് സഭ ഉയർത്തെഴുന്നേറ്റത്. മനുഷ്യത്വത്തിനും മതസ്വാതന്ത്ര്യത്തിനും വിരുദ്ധമായ പ്രവർ ത്തനങ്ങൾനിലനിന്നിരുന്ന ലിത്വാനിയയിൽ മെത്രാൻമാരുടെ അപ്പസ്തോലിക പ്രവർത്ത നങ്ങൾവഴിയാണ് മാറ്റം സംഭവിച്ചതെന്ന് ഫ്രാൻസീസ് പാപ്പ എടുത്തുപറഞ്ഞു. "ക്രൈസ്തവമൂല്യങ്ങളും സുവിശേഷവും പ്രഘോഷിക്കുക. സൃഷ്ടിപരമായ സംവാദ ങ്ങളിലൂടെ മതാഅനുഭവങ്ങളിൽനിന്നും സഭയിൽനിന്നും അകന്നുപോയവരെയും ഒരുമി ച്ച് കൊണ്ടുവരിക." പാപ്പാ മെത്രാൻമാരെ ആഹ്വാനം ചെയ്തു.